**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3249** **25-10-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി, യു.പി ഹെഡ്മാസ്റ്റർമാരുടെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ എൽപി, യുപി ഹെഡ്മാസ്റ്റർമാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | സർക്കാർ സ്കൂളുകളിൽ എൽപി, യുപി ഹെഡ്മാസ്റ്റർമാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് നിയമനം നടത്താൻ സാധിക്കാത്തത്. |
| (ബി) | എൽ.പി, യു.പി ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള പ്രൊമോഷൻ മാനദണ്ഡം വിശദമാക്കാമോ; | (ബി) | സീനിയോറിറ്റിയും 12 വർഷത്തെ തുടർച്ചയായ സേവനവും, പി.എസ്.സി നടത്തുന്ന അക്കൗണ്ട് ടെസ്റ്റ് ലോവർ, കെ.ഇ.ആർ, കെ.ഇ ആക്റ്റ് എന്നീ ടെസ്റ്റുകൾ പാസാകേണ്ടതുമാണ് എന്നതാണ് പ്രധാനാദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം. |
| (സി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര എൽ.പി, യു.പി ഹെഡ്മാസ്റ്റർ ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ ? | (സി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 1625 എൽ.പി, യു.പി പ്രധാനാദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ